# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.10.2026** **TIME : 07.25PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെയും മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെയും ജന്മവാർഷികത്തിൽ പ്രണാമം അർപ്പിച്ച് രാജ്യം.

   **The nation pays tribute to the Father of the Nation, Mahatma Gandhi, and former Prime Minister Lal Bahadur Shastri on their birth anniversaries.**

2. ഇന്ത്യയുടെ ഹരിത ഊർജ്ജ ഇടനാഴി പദ്ധതി സൗരോർജ്ജ മേഖലയിൽ രാജ്യത്തിൻറെ ആഗോള നേതൃത്വം ശക്തമാക്കുമെന്ന് ഐക്യരാഷ്ട്രസഭ.

   **The United Nations states that India's Green Energy Corridor project will strengthen the country's global leadership in the solar energy sector.**

3. ആഗോള വ്യാപാര തടസ്സങ്ങൾ പരിഹരിക്കാൻ ലോക വ്യാപാര സംഘടനയുടെ നിയമങ്ങൾക്ക് വിധേയമായ സമീപനം ആവശ്യമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ.

   **Union Minister Piyush Goyal has called for World Trade Organization (WTO)-compliant approach to correcting global trade distortions.**

4. കേരളത്തെ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. 'നിർമലം പുതുയുഗ ശുചിത്വ കേരളം' പ്രചരണ പരിപാടിക്ക് തുടക്കമായി.

   **Chief Minister V.D.Satheesan pledges to transform Kerala into a waste-free state; the 'Nirmalam Puthuyuga Shuchithva Keralam' campaign has been launched.**

5. സംസ്ഥാനത്ത് ജീവിതശൈലി രോഗ ങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശക്തമായ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ.

**Health Minister K. Muralidharan urges heightened vigilance amidst the rising incidence of lifestyle diseases in the state.**

6. ഏഷ്യൻ ഗെയിംസിൽ മെഡൽ കുതിപ്പുമായി ഇന്ത്യ. ഹോക്കി, ഗുസ്തി, ബോക്സിങ്, അമ്പെയ്ത്ത് മത്സരങ്ങളിൽ ഇന്ന് ആറ് സ്വർണ്ണം.

**India continues its medal surge at the Asian Games, securing six gold medals today across hockey, wrestling, boxing, and archery events.**

&&&&&&&&&&&&&&&&&&

## PREZ PM GANDHI-RAJGHAT

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 157-ാം ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ പ്രണാമം അർപ്പിച്ച് രാജ്യം. ദിനാചരണത്തിന്റെ ഭാഗമായി ഡൽഹി രാജ്ഘട്ടിൽ സർവ്വധർമ്മ പ്രാർത്ഥനാസഭ സംഘടിപ്പിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ള പ്രമുഖർ രാജ്ഘട്ടിലെത്തി രാഷ്ട്രപിതാവിന് പുഷ്പാഞ്ജലി അർപ്പിച്ചു. വൈകുന്നേരം നടന്ന പ്രാർത്ഥനാ യോഗത്തിൽ ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അടക്കമുള്ള പ്രമുഖർ പങ്കെടുത്തു. മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ 122-ാം ജന്മവാർഷിക ദിനാചരണവും ഇന്ന് നടന്നു. ഡൽഹിയിലെ വിജയ് ഘട്ടിലുള്ള സ്മൃതിമണ്ഡപത്തിൽ ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ പുഷ്പാർച്ചന നടത്തി. ഗാന്ധിജിയോടുള്ള ആദരസൂചകമായി ലോകം ഇന്ന് അന്താരാഷ്ട്ര അഹിംസാദിനമായും ആചരിച്ചു.

&&&&&&&&&&&&&&&&&&

## GANDHI JAYANTI- INDIAN MISSIONS

സമാധാനത്തിന്റെയും അഹിംസയുടെയും സന്ദേശം ഉയർത്തിപ്പിടിച്ച് ലോകമെമ്പാടുമുള്ള ഇന്ത്യൻ എംബസികളിലും നയതന്ത്ര കാര്യാലയങ്ങളിലും 157-ാംം ഗാന്ധി ജയന്തി സമുചിതമായി ആഘോഷിച്ചു. ചൈനയിലെ ബീജിംഗിൽ നടന്ന ചടങ്ങിൽ ഇന്ത്യൻ അംബാസഡർ വിക്രം ദൊരൈസ്വാമിയും പ്രവാസി പ്രതിനിധികളും മഹാത്മാഗാന്ധിക്ക് പുഷ്പാർച്ചന നടത്തി. ജപ്പാനിലെ ടോക്കിയോയിലുള്ള ഗാന്ധി പ്രതിമയിൽ അംബാസഡർ നഗുമ മല്ലിക്കും ഇന്ത്യൻ സമൂഹവും പ്രണാമമർപ്പിച്ചു. പാകിസ്ഥാൻ, നേപ്പാൾ, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, ബഹ്റൈൻ, ദക്ഷിണ കൊറിയ, മംഗോളിയ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, തുർക്കിയെ എന്നീ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&

## REV PM-SMIT-INTRO

ദുബായ്-ടെൽ അവീവ് ഫ്ലൈ ദുബായ് വിമാനത്തിലെ കോ-പൈലറ്റിന്റെ അക്രമശ്രമം തടഞ്ഞ് 180 യാത്രക്കാരുടെ ജീവൻ രക്ഷിച്ച ധീരനായ പൈലറ്റ് ക്യാപ്റ്റൻ സ്മിത് മച്ചാറുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ടെലിഫോൺ സംഭാഷണം നടത്തി. സംഭവത്തിന്റെ വിശദാംശങ്ങളും അനുഭവവും ക്യാപ്റ്റൻ സ്മിത് പ്രധാനമന്ത്രിയുമായി പങ്കുവെച്ചു. ക്യാപ്റ്റന്റെ അസാമാന്യ ധൈര്യത്തെയും സമയോചിതമായ ഇടപെടലിനെയും പ്രധാനമന്ത്രി പ്രശംസിച്ചു. രാജ്യം മുഴുവൻ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയാണെന്നും, ഇന്ത്യക്കാർ മറ്റുള്ളവരുടെ ജീവനെടുക്കുന്നവരല്ല മറിച്ച് മറ്റുള്ളവരുടെ ജീവൻ

രക്ഷിക്കാൻ സ്വന്തം ജീവൻ തൃണവത്കരിക്കുന്നവരാണ് എന്നതിന്റെ തെളിവാണിതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

പ്രധാനമന്ത്രിയിൽ നിന്ന് നേരിട്ട് ഫോൺ കോൾ ലഭിച്ചതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് ക്യാപ്റ്റൻ സ്മിത് പ്രതികരിച്ചു.

&&&&&&&&&&&&&&&

## EC -CAMPAIGN

എസ് ഐ ആർ നടപടികൾക്ക് ശേഷം വോട്ടർ പട്ടികയിൽ ഉൾപ്പെടാത്ത അർഹരായവരെയും പുതിയ വോട്ടർമാരെയും ചേർക്കുന്നതിനായി പ്രത്യേക പ്രചാരണ പരിപാടി സംഘടിപ്പിക്കാൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് ഇലക്ടറൽ ഓഫീസർമാർക്കാണ് കമ്മീഷന്റെ നിർദ്ദേശം. ഇതിന്റെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർ നിലവിലെ വോട്ടർ പട്ടിക മുൻപത്തെ പട്ടികയുമായി താരതമ്യം ചെയ്യും. പുതിയ പട്ടികയിൽ ഉൾപ്പെടാതെ പോയ വോട്ടർമാരെ കണ്ടെത്തി പ്രത്യേക പട്ടിക തയ്യാറാക്കും. ഇങ്ങനെ കണ്ടെത്തുന്ന വോട്ടർമാരുടെ വീടുകൾ ബി.എൽ.ഒമാർ നേരിട്ട് സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കും.

&&&&&&&&&&&&&&&

## UN - INDIA GEC III

ഇന്ത്യയുടെ ഗ്രീൻ എനർജി കോറിഡോർ പദ്ധതിയുടെ മൂന്നാം ഘട്ടത്തെ ഐക്യരാഷ്ട്രസഭ സ്വാഗതം ചെയ്തു. കേന്ദ്ര സർക്കാർ അനുമതി നൽകിയ 1.86 ലക്ഷം കോടി രൂപയുടെ പദ്ധതി പവർ ഗ്രിഡ് കൂടുതൽ ശക്തമാക്കാനും ബാറ്ററി സ്റ്റോറേജ്

സംവിധാനങ്ങൾ വികസിപ്പിക്കാനും ലക്ഷ്യമിടുന്നു. പുനരുപയോഗ ഊർജ്ജ ശേഷി കാര്യക്ഷമമായി ഉപയോഗിക്കാനും, രാജ്യത്തെ വൈദ്യുത ആവശ്യങ്ങൾ നിറവേറ്റാനും, സൗരോർജ്ജ മേഖലയിൽ ഇന്ത്യയുടെ ആഗോള നേതൃത്വം കൂടുതൽ ശക്തമാക്കാനും ഈ സംരംഭം സഹായിക്കുമെന്ന് യു.എൻ ക്ലൈമറ്റ് ചേഞ്ച് എക്സിക്യൂട്ടീവ് സെക്രട്ടറി സൈമൺ സ്റ്റീൽ അഭിപ്രായപ്പെട്ടു. നിർമ്മാണം, ഊർജ്ജ സംഭരണം തുടങ്ങിയ മേഖലകളിൽ വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പദ്ധതി വഴിതുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

## PM 25 YEARS-MANN KI BAAT-INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദി പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുകയാണ്. 2047-ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് കേന്ദ്ര സർക്കാർ നിരവധി പദ്ധതികളാണ് നടപ്പാക്കി വരുന്നത്. ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ, 'മൻ കി ബാത്തിനെ കുറിച്ചാണ് ഇന്ന് ചർച്ചചെയ്യുന്നത്. ഒരു സാധാരണക്കാരൻ ചെയ്ത മികച്ച കാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയും, ശുചിത്വം, ജലസംരക്ഷണം, സ്വയംപര്യാപ്തത തുടങ്ങിയ വിഷയങ്ങളിൽ ജനങ്ങളുടെ സഹകരണം പ്രധാനമന്ത്രി അഭ്യർഥിക്കുകയും ചെയ്യുന്ന പരിപാടിയാണ് ആകാശവാണിയിലെ 'മൻ കി ബാത്ത്'. 2023 ഏപ്രിലിൽ 'മൻ കി ബാത്തി'ന്റെ നൂറാം പതിപ്പിൽ ആശയങ്ങൾ പങ്കുവെക്കവെ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞത്, 'മൻ കി ബാത്ത്" ജനകീയ പ്രസ്ഥാനമായി മാറിയെന്നാണ്.

(ഹോൾഡ് വോയിസ്- പി.എം)

&&&&&&&&&&&&&&&

## NIRMALAM - CLEAN KERALAM

കേരളത്തെ സീറോ വേസ്റ്റ് സംസ്ഥാനമാക്കി മാറ്റുമെന്നും രാജ്യത്തിനാകെ മാതൃകയായി മോഡൽ പ്ലാൻ്റുകൾ സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ. നിർമലം പുതുയുഗ ശുചിത്വ കേരളം സംസ്ഥാനതല ക്യാമ്പയിൻ എറണാകുളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദേശരാജ്യങ്ങളിലെ പോലെ ശുചിത്വ സംസ്കാരം നമ്മുടെ നാട്ടിലും ശീലമായി മാറണമെന്നും മുഖ്യമന്ത്രി പറഞ്ഞു. 2031 മാർച്ച് 30-ഓടെ കേരളത്തെ പൂർണ്ണമായും മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റാൻ തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പൊതുജനങ്ങൾ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട് മികച്ച മാലിന്യ സംസ്കരണ രീതികൾ ഉറപ്പാക്കാനാണ് പരിപാടി ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&

## PIYUSH - G20 MEETING

ആഗോള വ്യാപാര തടസ്സങ്ങൾ പരിഹരിക്കാൻ ലോക വ്യാപാര സംഘടനയുടെ നിയമങ്ങൾക്ക് വിധേയമായ സമീപനമാണ് ആവശ്യമെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. അമേരിക്കയിലെ മിൽവാക്കിയിൽ നടന്ന ജി-20 വ്യാപാര മന്ത്രിമാരുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&

## ASIAN GAMES -INTRO

ഏഷ്യൻ ഗെയിംസിൽ സ്വർണ മെഡൽ കുതിപ്പുമായി ഇന്ത്യ. ഗുസ്തി, ബോക്സിംഗ്, അമ്പെയ്ത്ത്, എന്നിവയിലായി ആറ് സ്വർണ്ണ മെഡലുകൾ സ്വന്തമാക്കിയാണ് ഇന്ത്യ ഇന്ന് സുവർണ നേട്ടം കൈവരിച്ചത്. ഇതോടെ 16 സ്വർണ്ണവും 25 വെള്ളിയും 35

വെങ്കലവും ഉൾപ്പടെ 76 മെഡലുകളുമായി മെഡൽ പട്ടികയിൽ ഇന്ത്യ അഞ്ചാം സ്ഥാനത്തേക്ക് ഉയർന്നു.

**വിശദാംശങ്ങളിലേക്ക്.....**

(വോയിസ്)

## ASIAN GAMES - VOICE

ഏഷ്യൻ ഗെയിംസിന്റെ പതിമൂന്നാം ദിനം, ഹോക്കിയിലും ഗോദയിലും അമ്പെയ്ത്തിലും മിന്നും പ്രകടനം കാഴ്ച്ചവെച്ച ഇന്ത്യ ആറു സ്വർണ പതക്കങ്ങളാണ് സ്വന്തമാക്കിയത്. വനിതകളുടെ ഹോക്കിയിൽ ചൈനയെ എതിരില്ലാത്ത ഒരു ഗോളിന് പരാജയപ്പെടുത്തി ഇന്ത്യ സ്വർണം നേടി. 44 വർഷത്തിന് ശേഷമാണ് വനിതാ ഹോക്കിയിൽ ഇന്ത്യയുടെ സ്വർണ നേട്ടം. പുരുഷന്മാരുടെ 65 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ സുജീത് കൽക്കൽ സ്വർണ്ണ മെഡൽ നേടി. വനിതകളുടെ 65 കിലോഗ്രാം വിഭാഗം ബോക്സിംഗിൽ പർവീൻ ഹൂഡ സ്വർണ്ണം സ്വന്തമാക്കിയപ്പോൾ പുരുഷന്മാരുടെ 80 കിലോഗ്രാം ബോക്സിങ്ങിൽ അങ്കുഷ് പംഗൽ സ്വർണ്ണം കരസ്ഥമാക്കി. നേരത്തെ, വനിതകളുടെ 75 കിലോഗ്രാം വിഭാഗം ബോക്സിങ്ങിൽ ലവ്ലിന ബോർഗോഹെയ്നും സ്വർണ്ണ മെഡൽ നേടിയിരുന്നു. അമ്പെയ്ത്തിൽ, ഇന്ത്യയുടെ വനിതാ റിക്കർവ് ടീമും സ്വർണ്ണ മെഡൽ സ്വന്തമാക്കി. ഞായറാഴ്ച്ചയാണ് ഗെയിംസിൻറെ സമാപനം.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&

## IND-ASIAN GAMES FLAGBEARER

ഞായറാഴ്ച നടക്കുന്ന ഏഷ്യൻ ഗെയിംസ് സമാപന ചടങ്ങിൽ ട്രാപ്പ് ഷൂട്ടർ നീരു ധണ്ഡ ഇന്ത്യയുടെ വനിതാ

പതാകാവാഹകയാകും. ഗെയിംസിൽ രണ്ട് സ്വർണ്ണവും ഒരു വെള്ളിയും നേടി നീരു മികച്ച പ്രകടനമാണ് കാഴ്ച്ചവെച്ചത്.

&&&&&&&&&&&&&&&

## K MURALEEDHARAN

സംസ്ഥാനത്ത് അർബുദവും ഹൃദ്രോഗവും ഉൾപ്പെടെയുള്ള ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ശക്തമായ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ. ലോക ഹൃദയദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഹൃദയാഘാതം മുൻകൂട്ടി കണ്ടെത്താൻ സഹായിക്കുന്ന 'ട്രോപ്പോണിൻ ടെസ്റ്റ്' നവംബർ മുതൽ സംസ്ഥാനത്തെ ബി.പി.എൽ വിഭാഗക്കാർക്ക് സൗജന്യമായി നൽകുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&

## RAIN KERALAM

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മറ്റന്നാൾ നാലു ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറണമെന്ന് ദുരന്തനിവാരണ അതോറിട്ടി അറിയിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&

&&&